## 68

# അടക്കം

## (27:57- 66)

യേശുവിന്റെ ശരീരം അടക്കം ചെയ്യുവാനുള്ള അനുവാദം അരിമഥ്യക്കാരനായ യോസേഫ് വാങ്ങിയശേഷം, അവൻ തന്റെ തന്നെ പുതിയതായി നിർമ്മിച്ച കല്ലറയിൽ അവനെ അടക്കി (27:57-61). അടുത്ത ദിവസം മഹാ ശബ്ബത്താകയാൽ, യെഹൂദ മതാദ്ധ്യക്ഷന്മാരുടെ ആവശ്യപ്രകാരം കല്ലറ കാക്കുവാൻ കാവൽക്കാരനെ പിലാത്തൊസ് അനുവദിച്ചു. അവന്റെ ശിഷ്യന്മാർ ആരെങ്കിലും വന്ന് അവന്റെ ശരീരം മോഷ്ടിച്ചുകൊണ്ടുപോയി, അവൻ ഉയിർത്തെഴുന്നേറ്റു എന്ന് അവകാശപ്പെടാതിരിക്കുന്നതിനായിരുന്നു അത് (27:62-66).

### ക്രിസ്തുവിന്റെ ശരീരം അടക്കൽ (27:57-61)

**57സന്ധ്യയായപ്പോൾ അരിമഥ്യക്കാരനായ യോസേഫ് എന്ന ധനവാൻ താനും യേശുവിന്റെ ശിഷ്യനായിരിക്കയാൽ വന്നു, 58പിലാത്തൊസിന്റെ അടുക്കൽ ചെന്നു യേശുവിന്റെ ശരീരം ചോദിച്ചു; പിലാത്തൊസ് അതു ഏൽപിച്ചുകൊടുപ്പാൻ കൽപിച്ചു. 59യോസേഫ് ശരീരം എടുത്ത് നിർമ്മല ശീലയിൽ പൊതിഞ്ഞു 60താൻ പാറയിൽ വെട്ടിച്ചിരുന്ന തന്റെ പുതിയ കല്ലറയിൽ വെച്ചു. കല്ലറയുടെ വാതിൽക്കൽ ഒരു വലിയ കല്ല് ഉരുട്ടിവെച്ചിട്ട് പോയി. 61കല്ലറക്കെതിരെ മാഗ്ദലക്കാരത്തി മറിയയും മറ്റെ മറിയയും ഇരുന്നിരുന്നു.**

യോഹന്നാന്റെ സുവിശേഷം സൂചിപ്പിക്കുന്നത്, ശബ്ബത്ത് സമീപമായിരിക്കയാൽ, അന്നു ക്രൂശിച്ച കള്ളന്മാരുടേയും യേശുവിന്റേയും മൃതശരീരങ്ങൾ ക്രൂശിൽ തന്നെ കിടക്കാതിരിക്കുവാൻ, കാലുകൾ ഒടിക്കുന്നതിന് യെഹൂദ മതാദ്ധ്യക്ഷന്മാർ പിലാത്തോസിനോട് അപേക്ഷിച്ചു (യോഹ. 19:31). അസ്ഥികൾ ഒടിയുന്നതോടുകൂടി അവർക്ക് ശ്വാസോച്ഛ്വാസം പ്രയാസമായി അവർ അക്ഷരികമായി വീർപ്പു മുട്ടും. പടയാളികൾ കള്ളന്മാരുടെ രണ്ടുപേരുടേയും കാലുകൾ ഒടിച്ചശേഷം യേശുവിന്റെ അടുക്കൽ വന്നപ്പോൾ, അവൻ മരിച്ചു എന്നറിഞ്ഞിട്ട് അവന്റെ അസ്ഥികൾ ഒടിച്ചില്ല. അത് സങ്കീർത്തനങ്ങൾ 34:20 ന്റെ നിറവേറലായിരുന്നു: "അവന്റെ അസ്ഥികളെയെല്ലാം അവൻ സൂക്ഷിക്കുന്നു; അവയിൽ ഒന്നുപോലും ഒടിഞ്ഞുപോകയില്ല" (യോഹ. 19:36). അവൻ മരിച്ചു എന്നുറപ്പാക്കുവാൻ ഒരു പടയാളി അവന്റെ കുന്തമെടുത്ത് അവന്റെ വിലാപ്പുറത്ത് കുത്തി, "ഉടനെ വെള്ളവും രക്തവും പുറത്തുവന്നു" (യോഹ. 19:34).

വെള്ളിയാഴ്ച്ചയായിരുന്നതുകൊണ്ട്, അന്ന് ശബ്ബത്തിനുവേണ്ടിയുള്ള "ഒരുക്കദിവസമായിരുന്നു." രാത്രി മുഴുവൻ ശവശരീരങ്ങൾ ക്രൂശിൽ കിടക്കുവാൻ അദ്ധ്യക്ഷന്മാർ ആഗ്രഹിച്ചില്ല (യോഹ. 19:31). മരത്തിന്മേൽ തൂക്കുന്നവന്റെ ശരീരം സൂര്യൻ അസ്തമിക്കുന്നതിനു മുൻപ് അടക്കം ചെയ്യണമെന്നാണ് ന്യായപ്രമാണം കൽപിക്കുന്നത് (ആവ. 21:22, 23). യേശു മരിച്ചത് ഉച്ചക്ക് ശേഷം

3.00 മണിക്കായിരുന്നു. ശബ്ബത്ത് ആരംഭിക്കുന്നത് വൈകുന്നേരം 6.00 മണിക്ക് ആകയാൽ, ശരീരങ്ങൾ ക്രൂശിൽനിന്ന് ഇറക്കുവാൻ യെഹൂദന്മാർ ആഗ്രഹിച്ചു.[1]

"ഒരുക്കനാൾ" (*പാരാസ്കേയുവേ*) സാങ്കേതികമായി "വെള്ളിയാഴ്ചക്ക്" പറയുന്നതാണ്, അത് ആധുനിക ഗ്രീക്കിൽ നിലനിർത്തിയിരിക്കുന്നു. ആ ശബ്ബത്ത് മഹാ ശബ്ബത്തായിരുന്നു, കാരണം അത് പെസഹാ ശബ്ബത്തായിരുന്നു (യോഹ. 19:31). ധൃതിപിടിച്ച് അടക്കിയതിനാൽ, യേശുവിന്റെ അടക്കം പതിവ് അനുസരിച്ച് എല്ലാ ഒരുക്കങ്ങളും നടത്തുവാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ടാണ്, സ്ത്രീകൾ ഞായറാഴ്ച രാവിലെ കല്ലറക്കൽ എത്തിയത് (ലൂക്കൊ. 23:55-24:1).

**വാക്യം 57. യോസേഫ്** ആരംഭത്തിൽ, യെഹൂദ്യയിലെ **അരിമഥ്യ**ക്കാരനായിരുന്നു. അത് രാമാക്ക് തുല്യമായ പട്ടണമായിരുന്നേക്കാം (അല്ലെങ്കിൽ രാമാഥയിം-സോഫിം), ശമുവേലിന്റെ പട്ടണം (1 ശമു. 1:1, 19, 20). ഇന്ന് ആ പട്ടണം അറിയപ്പെടുന്നത് "റെന്റിസ്" എന്നാണ്.

ന്യായാധിപസഭയിലെ ഒരു "പ്രമുഖ അംഗമായിരുന്നു" യോസേഫ് (മർ. 15:43; ലൂക്കൊ. 23:50). സ്പഷ്ടമായും ന്യായാധിപസഭയിലെ അംഗമെന്ന നിലയിൽ അവന്റെ ആലോചന ആരാഞ്ഞിരുന്നു. എങ്ങനെയായാലും, യേശുവിനോടുള്ള യെഹൂദന്മാരുടെ പ്രവൃത്തികൾക്ക് അവന്റെ സമ്മതമില്ലായിരുന്നു (ലൂക്കൊ. 23:51). ആ **ധനികനായ മനുഷ്യൻ** ദൈവരാജ്യത്തെ കാത്തിരുന്നേക്കാം (മർ. 15:43). ആ സമയം വരെ ആ മനുഷ്യൻ യേശുവിന്റെ ഒരു **രഹസ്യശിഷ്യനായിരുന്നു** (യോഹ. 19:38; 12:42 നോക്കുക), എന്നാൽ ഇപ്പോൾ അവന്റെ ബന്ധം അവൻ പരസ്യമാക്കി. "യേശുവിനെ ക്രൂശിൽ തറെച്ച സംഭവം യേശുവിന്റെ ശിഷ്യന്മാരിൽ പലരെയും ഓടുമാറാക്കിയെങ്കിൽ, യോസേഫ് നേരെ തിരിച്ച് അവൻ പരസ്യമായി രംഗത്ത് വന്നു."[2]

**വാക്യം 58.** യേശുവിനെ ക്രൂശിൽ തറെച്ചതുകൊണ്ട്, അവന്റെ ശരീരം അടക്കം ചെയ്യുന്നതിന് വിട്ടുകിട്ടുവാൻ റോമൻ അധികാരികളുടെ അനുവാദം ആവശ്യമായിരുന്നു. ഒന്നുകിൽ അവന്റെ കുടുംബാംഗങ്ങൾ ആരെങ്കിലുമോ അല്ലെങ്കിൽ, അവന്റെ ഏറ്റവും അടുത്ത അപ്പൊസ്തലന്മാരിൽ ആരെങ്കിലുമോ വരേണ്ടിയിരുന്നു, പക്ഷെ അതുണ്ടായില്ല.

നിഴലിൽനിന്നു "ധൈര്യം സംഭരിച്ച്" യോസേഫ് പുറത്തുവന്നു (മർ. 15:43), അവനെ **അടക്കേണ്ടതിന് പീലാത്തൊസിനോട്** അവൻ അനുവാദം ചോദിച്ചു. യേശു അപ്പോഴേക്കും മരിച്ചുകഴിഞ്ഞതുകൊണ്ട് നാടുവാഴി അതിശയിച്ചുപോയി, അതുകൊണ്ട് അത് സത്യമാണോ എന്ന് ശതാധിപനെ വിളിച്ച് അന്വേഷിച്ചു (മർ. 15:44). അവൻ മരിച്ചു എന്നുറപ്പാക്കിയശേഷം, അവൻ യേശുവിന്റെ ശരീരം അടക്കം ചെയ്യുവാൻ യോസേഫിന് വിട്ടുകൊടുത്തു (മർ. 15:45).

**വാക്യം 59. യോസേഫ്**, യേശുവിന്റെ ശരീരം ക്രൂശിൽനിന്ന് ഇറക്കി (മർ. 15:46; ലൂക്കൊ. 23:53), **നിർമ്മലശീലകൊണ്ട് ചുറ്റി**. അത് ഒരുപക്ഷെ പുറമെയുള്ള വസ്ത്രം, അല്ലെങ്കിൽ ശവവസ്ത്രം ആയിരിക്കാം. യേശുവിന്റെ അടക്കത്തിന്റെ കൂടുതൽ വിശദാംശങ്ങൾ യോഹന്നാൻ നൽകുന്നു. "യെഹൂദന്മാരുടെ ആചാരമനുസരിച്ച്," "സഗന്ധവർഗ്ഗമിട്ടാണ് ശീലകൾകൊണ്ട്" അവന്റെ ശരീരം ചുറ്റിയത് (യോഹ. 19:40). ശരീരം മുഴുവൻ മൂടുന്നതുവരെ, മിസ്രയിമ്യർ ചെയ്യുന്നതുപോലെയാണ് യെഹൂദന്മാർ ശീലകൾ തൈലത്തിൽ മുക്കി ചുറ്റിയിരുന്നത്.[3] ലാസർ കല്ലറയിൽനിന്നു പുറത്തുവന്നപ്പോൾ, "അവൻ കൈകാലുകൾ ശീലകൾ ചുറ്റിയും മുഖം റൂമാലുകൊണ്ടു മൂടിയുമാണിരു

ന്നത്" (യോഹ. 11:44).

യോസേഫ് യേശുവിനെ ഒറ്റക്കായിരുന്നില്ല അടക്കിയത്. യെഹൂദന്മാരുടെ പ്രമാണിയായിരുന്ന നിക്കൊദേമൊസും അവനോടുകൂടെയുണ്ടായിരുന്നു, അവൻ യേശുവിന്റെ അടുക്കൽ രാത്രിയായിരുന്നു വന്നിരുന്നത് (യോഹ. 3:1–21). ന്യായാധിപസഭയിലെ അംഗമെന്ന നിലക്ക്, യോഹന്നാൻ 7:50, 51 അനുസരിച്ച് യേശുവിന്ന് ന്യായമായ ഒരു വിചാരണ അവൻ ആവശ്യപ്പെട്ടിരിക്കാം. ആ സമയത്ത് അവനെ യേശുവിന്റെ ശിഷ്യൻ എന്ന കുറ്റം ചുമത്തിയിരിക്കാം. അവനും യേശുവിന്റെ രഹസ്യശിഷ്യന്മാരിൽ ഒരാളായിരുന്നു, എങ്കിലും അവൻ ഇനി അത് രഹസ്യമാക്കിവെക്കുവാനല്ല തീരുമാനിച്ചത്. യേശുവിന്റെ അടക്കത്തിന് അവൻ വിലയേറിയ തൈലം നൽകി; ഏകദേശം നൂറു റാത്തൽ മൂറും അകിലും കൊണ്ടുവന്നു (യോഹ. 19:39).

**വാക്യം 60**. യേശുവിന്റെ ശരീരം അടക്കം ചെയ്യുവാനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കിയശേഷം, യോസേഫ് **പാറയിൽ വെട്ടിച്ച തന്റെ പുതിയ കല്ലറയിൽ അവനെ അടക്കി**. ഏതു വിധത്തിൽ നോക്കിയാലും അത് ഞെട്ടിക്കുന്ന വസ്തുതയാണ്. (1) യോസേഫിന്റെ ആ ദയാപ്രവൃത്തി വലിയ ഒരു ത്യാഗമായിരുന്നു. അവൻ തനിക്കു വേണ്ടി ഉണ്ടാക്കിയ ഒന്ന് ക്രിസ്തുവിനായി വിട്ടുകൊടുത്തു. യേശുവിനെ ഒരു കുറ്റവാളിയായി മുദ്രകുത്തിയതുകൊണ്ട് യെഹൂദന്മാരാരും അവരുടെ കല്ലറയിൽ അവനെ അടക്കം ചെയ്യുവാൻ തയ്യാറാവുകയില്ല. ഒരുപക്ഷെ യോസേഫിന് വേറൊരു കല്ലറ വിലക്ക് വാങ്ങേണ്ടി വന്നിരിക്കാം. (2) ശിക്ഷിക്കപ്പെട്ട കുറ്റവാളികൾക്ക് ആദരണീയമായ അടക്കം സാധാരണ നൽകാറില്ല. അപ്പോൾ തന്നെ ക്രൂശിക്കപ്പെട്ട ഒരാളെ ഒരു ന്യായാധിപസഭയിലെ അംഗത്തിന്റെ പുതിയ കല്ലറയിൽ ആദരണീയമായി അടക്കം ചെയ്യുന്നത് ആലോചിക്കുവാൻ തന്നെ കഴിയുന്നില്ല! (യോഹ. 19:41).[4] (3) യേശുവിന്റെ അടക്കം പ്രവചനനിവർത്തീകരണമായിരുന്നു. സ്വാഭാവിക ഗുഹയിൽനിന്നും വ്യത്യസ്തമായി – ഈ കല്ലറ "പാറയിൽ വെട്ടിച്ചത്" "ധനവാനായ മനുഷ്യൻ" അതിനു ചെലവാക്കിയ വലിയ തുകയെയും വെളിവാക്കുന്നു (27:57). കഷ്ടതയേൽക്കുന്ന ദാസനെ കുറിച്ച് യെശയ്യാവ് പ്രവചിച്ചു, "അവർ അവന്നു ദുഷ്ടന്മാരോടുകൂടി ശവക്കുഴി കൊടുത്തു; അവന്റെ മരണത്തിൽ അവൻ സമ്പന്നന്മാരോടുകൂടി ആയിരുന്നു" (യെശ. 53:9).

യേശുവിന്റെ ശരീരം സുരക്ഷിതമായി **കല്ലറയിൽ** വെച്ച ശേഷം, **യോസേഫ് ഒരു വലിയ കല്ല് ഉരുട്ടി കല്ലറവാതിൽക്കൽ വെച്ചു**. അക്കാലത്ത് ഉണ്ടായിരുന്ന ചില കല്ലറകൾ പോലെ, ഇതിനും കല്ല് ഉരുട്ടിക്കൊണ്ടുപോകുവാനുള്ള വഴി ഉണ്ടായിരുന്നേക്കാം.[5] കല്ല് ഭാരമുള്ളതും വലുതുമായിരുന്നു; യേശുവിന്റെ കല്ലറക്കൽ സുഗന്ധവർഗം പൂശുവാൻ വന്ന സ്ത്രീകൾ സംശയിച്ചത്, ആർ തങ്ങൾക്കുവേണ്ടി കല്ല് ഉരുട്ടി മാറ്റിത്തരും എന്നായിരുന്നു (മർ. 16:3, 4). കല്ലറ മോഷ്ടാക്കളിൽനിന്നും വന്യമൃഗങ്ങളിൽനിന്നും ശവശരീരങ്ങളെ സംരക്ഷിക്കുന്നതായിരുന്നു അത്തരം കല്ലറകൾ. യേശുവിന്റെ കല്ലറക്ക് പൊക്കം കുറഞ്ഞ പ്രവേശനമായിരുന്നു ഉണ്ടായിരുന്നത്, കാരണം, പത്രൊസും യോഹന്നാനും കല്ലറ കാൺമാൻ ചെന്നപ്പോൾ, കുനിഞ്ഞാണ് അകത്ത് നോക്കിയത് (യോഹ. 20:5). ആ വിധത്തിലായിരുന്നു അന്ന് കല്ലറകൾ നിർമ്മിച്ചിരുന്നത്.

യേശുവിന്റെ കല്ലറ ക്രൂശീകരണം നടത്തിയ സ്ഥലത്തിനടുത്തുള്ള ഒരു തോട്ടത്തിലായിരുന്നു (യോഹ. 19:41). ഇന്ന് യെരുശലേമിൽ ചെല്ലുന്ന സന്ദർശ

കർക്ക് യേശുവിന്റെ കല്ലറയായി കണക്കാക്കുന്ന രണ്ടു സ്ഥാനങ്ങളാണ് കാണിച്ചു കൊടുക്കുന്നത്. (27:33 ന്റെ പരാമർശം നോക്കുക). ഒന്നാമത്തെ സ്ഥാനം, ഗൊൽഗോഥയോടുകൂടി, ഹോളി സെപൽക്കർ ചർച്ചിനകത്തായിട്ടാണ്. കല്ലറക്ക് പുറകിലുള്ള പാരമ്പര്യം - അതിന്റെ ആരംഭാവസ്ഥ പരിരക്ഷിക്കപ്പെട്ടിട്ടില്ല - അത് കോൺസ്റ്റൻഡൈനിന്റേയും അയാളുടെ അമ്മ ഹെലേനയുടേയും കാലത്തിലേക്ക് കൊണ്ടുപോകുന്നു (നാലാം നൂറ്റാണ്ടിൽ). അതായിരിക്കണം വാസ്തവത്തിൽ യേശുവിന്റെ കല്ലറ എന്നാണ് ചിലർ വിശ്വസിക്കുന്നത്.

രണ്ടാമത്തെ സ്ഥാനം ഗാർഡൻകല്ലറയാണ്, അത് ഗോർഡന്റെ കാൽവരിയിൽനിന്നും അധികം ദൂരെയല്ല, എങ്ങനെയായാലും, ഈ പാരമ്പര്യത്തിന്, പത്തൊമ്പതാം നൂറ്റാണ്ടിന്റെ പഴക്കമേയുള്ളു. ഈ കല്ലറയിലേക്ക്, കല്ല് ഉരുട്ടികൊണ്ടുപോകുവാനുള്ള ഒരു വഴി കാണുന്നു, അത് യേശുവിന്റെ കല്ലറക്ക് ഉണ്ടായിരുന്നു എന്നു പറയപ്പെടുന്നു. പക്ഷെ മറ്റു ഘടനകളെല്ലാം ബി. സി. ഏഴും എട്ടും നൂറ്റാണ്ടിലേതാണെന്ന് ഭൂഗർഭഗവേഷകർ അവകാശപ്പെടുന്നു. ഇത് യേശുവിന്റെ കല്ലറയാണോ എന്ന കാര്യത്തിൽ വലിയ സംശയമാണുള്ളത്.

**വാക്യം 61. മഗ്ദലക്കാരത്തി മറിയയും മറ്റെ മറിയയും** (യാക്കൊബിന്റേയും യോസെയുടേയും അമ്മ) യോസേഫിനോടും നിക്കൊദേമൊസിനോടും കൂടെ കല്ലറയിലേക്ക് പോയി. "ഗലീലയിൽനിന്നു സ്ത്രീകളും അവനോടുകൂടി വന്നു" എന്നു ലൂക്കൊസ് പൊതുവായി പറഞ്ഞവരിൽ (ലൂക്കൊ. 23:55), ശലോമിയും ഉണ്ടായിരുന്നേക്കാം (27:56 ന്റെ പരാമർശം നോക്കുക). ആ സ്ത്രീകൾ **കല്ലറെക്ക് എതിരായി** ഇരിക്കുകയായിരുന്നു. അടക്കം നിരീക്ഷിച്ചശേഷം, അവർ പെസഹാ പെരുന്നാളിൽ താമസിച്ചിരുന്ന സ്ഥലത്തേക്ക് തിരിച്ചുപോയി. ശബ്ബത്ത് കഴിഞ്ഞശേഷം, യേശുവിന്റെ ശരീരത്തിൽ പൂശേണ്ടതിന്നു സുഗന്ധവർഗ്ഗം വാങ്ങി (മർ. 16:1; ലൂക്കൊ. 23:56).

## പിലാത്തൊസിന്റെ പ്രതിരോധ ക്രമം (27:62-66)

**62ഒരുക്കനാളിന്റെ പിറ്റെദിവസം മഹാപുരോഹിതന്മാരും പരീശന്മാരും പിലാത്തൊസിന്റെ അടുക്കൽ ചെന്നുകൂടി, 63"യജമാനനേ, ആ ചതിയൻ ജീവനോടിരിക്കുമ്പോൾ മൂന്നുനാൾ കഴിഞ്ഞിട്ടു 'ഞാൻ ഉയിർത്തെഴുന്നേൽക്കുമെന്ന്' പറഞ്ഞ പ്രകാരം ഞങ്ങൾക്ക് ഓർമ്മ വന്നു. 64അതുകൊണ്ട് അവന്റെ ശിഷ്യന്മാർ ചെന്നു അവനെ മോഷ്ടിച്ചിട്ട് അവൻ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തെഴുന്നേറ്റു എന്ന് ജനത്തോട് പറയുകയും ഒടുവിലത്തെ ചതിവ് മുമ്പിലത്തേതിലും വിഷമമായി തീരാതിരിക്കേണ്ടതിന്ന്, മൂന്നാംനാൾ വരെ കല്ലറ ഉറപ്പാക്കുവാൻ കൽപിക്ക" എന്നു പറഞ്ഞു. 65പിലാത്തൊസ് അവരോട്, "കാവൽക്കൂട്ടത്തെ തരാം; പോയി നിങ്ങളാൽ ആകുന്നേടത്തോളം ഉറപ്പുവരുത്തുവിൻ" എന്നു പറഞ്ഞു. 66അവർ ചെന്നു കല്ലിന്നു മുദ്ര വെച്ചു കാവൽക്കൂട്ടത്തെ നിറുത്തി കല്ലറ ഉറപ്പാക്കി.**

**വാക്യങ്ങൾ 62, 63. ഒരുക്കനാളിനു ശേഷം** ശനിയാഴ്ച്ചയായിരുന്നു, അല്ലെങ്കിൽ ശബ്ബത്തായിരുന്നു. ഈ അവസരത്തിൽ, മഹാപുരോഹിതന്മാരും പ

രീശന്മാരും പിലാത്തൊസിനെ കാണുവാൻ പോയത്, യേശുവിന്റെ പ്രവചനത്തെ ബോധ്യപ്പെടുത്തുവാനായിരുന്നു - **അവൻ ചതിയൻ** എന്നായിരുന്നു അവർ വിശേഷിപ്പിച്ചത് - "**മൂന്നാം നാൾ ഞാൻ ഉയിർത്തെഴുന്നേൽക്കും**" എന്ന് അവൻ പറഞ്ഞിരുന്നു. താൻ കഷ്ടതയേറ്റു മരിക്കുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുമെന്ന് അവൻ രഹസ്യമായിട്ടായിരുന്നു മുന്നറിയിച്ചത് (16:21; 17:9, 22, 23; 20:18, 19). മറ്റവസരങ്ങളിൽ, അവൻ അത് യെഹൂദ മതാദ്ധ്യക്ഷന്മാരോടും, പുരുഷാരത്തോടും പറഞ്ഞിരുന്നു. പരീശന്മാരും ശാസ്ത്രിമാരും അവനോട് ഒരടയാളം ചോദിച്ചപ്പോൾ, യോനയുടെ അടയാളമല്ലാതെ അതിനു മറ്റൊരു അടയാളം ഉണ്ടാവുകയില്ല എന്നാണ് പറഞ്ഞത്. യോന മൽസ്യത്തിനുള്ളിൽ മൂന്നു രാവും മൂന്നുപകലും ആയിരുന്നതുപോലെ മനുഷ്യപുത്രനും ഭൂമിക്കുള്ളിൽ ആയിരിക്കും (12:40). തന്റെ ശരീരത്തെ കുറിച്ച്, അവൻ പറഞ്ഞു, "ഈ മന്ദിരം പൊളിപ്പിൻ; മൂന്നു നാൾകൊണ്ട് ഞാൻ അതിനെ പണിയും" (യോഹ. 2:19). മുൻപ് ആ പ്രസ്താവനയുടെ അർത്ഥം എന്താണെന്ന് തങ്ങൾക്ക് മനസിലായില്ലെന്ന് അവർ നടിച്ചുവെങ്കിലും, (26:61; 27:40) ഇപ്പോൾ അവൻ പറഞ്ഞത്, അവന്റെ ശരീരത്തെ കുറിച്ചാണെന്നും, അവൻ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേൽക്കുമെന്നാണ് പറഞ്ഞതെന്നും മനസിലാക്കി.

**വാക്യം. 64.** ആ പ്രവചനം മനസിൽ വെച്ചുകൊണ്ടാണ്, അവർ **അവന്റെ ശിഷ്യന്മാർ** വന്ന് ശരീരം മോഷ്ടിച്ചിട്ട് അവൻ ഉയർത്തെഴുന്നേറ്റു എന്നു പറയാതിരിപ്പാൻ, **മൂന്നാം നാൾ വരെ** കല്ലറ കാക്കണമെന്ന് പിലാത്തൊസിനോട് അപേക്ഷിച്ചത്. അവർ അവസാനം പറഞ്ഞു, "**ഒടുവിലത്തെ ചതിവ് മുമ്പത്തേതിലും വിഷമമായി തീരുകയും ചെയ്യും.**"[6] അവർ പറഞ്ഞ ആദ്യത്തെ ചതിവ് അവൻ മശിഹ ആണെന്ന് അവകാശപ്പെട്ടതാണ്, രണ്ടാമത്തേത്, താൻ ഉയർത്തെഴുന്നേൽക്കും എന്നു പറഞ്ഞതായിരുന്നു. മഹാപുരോഹിതന്മാർ സദൂക്യരായിരുന്നു എന്ന് ഓർമ്മിക്കുക, ആ യെഹൂദവിഭാഗം പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നില്ല (22:23; പ്രവൃ. 23:8).

യേശുവിന്റെ ശിഷ്യന്മാർ അവൻ ഉയർത്തെഴുന്നേറ്റു വരാമെന്ന് വിശ്വസിക്കാതിരുന്നതുകൊണ്ട്, യെഹൂദ ഭരണാധികാരികളുടെ ആകുലത വെറുതെയായിരുന്നു (മർ. 9:10, 32; യോഹ. 20:9). അവൻ ഉയർത്തെഴുന്നേറ്റു എന്ന് മറിയ വന്നു പറഞ്ഞിട്ടും അവർ വിശ്വസിച്ചില്ല (മർ. 16:11, 14). യേശു ഉപദേശിച്ചിരുന്നതിനേക്കാൾ, തങ്ങളുടെ അധികാരങ്ങൾക്ക് ഭീഷണിയായി തീരുമെന്ന് അവർ ഭയപ്പെട്ടിരുന്നത് അവന്റെ ഉയർത്തെഴുന്നേൽപിനെയായിരുന്നു - അത് സത്യമല്ലാത്ത വിവരമാണെങ്കിൽ പോലും.

**വാക്യം 65. പിലാത്തോസ്** അവരുടെ ഇംഗിതത്തിന് വഴങ്ങുകയും കല്ലറ കാക്കുവാൻ **ഒരു കാവൽക്കാരനെ** കല്ലറക്കൽ നിയമിക്കുകയും ചെയ്തു. ഇങ്ങനെയുള്ള അവസരങ്ങളിൽ നിയോഗിക്കുന്നത് യെഹൂദന്മാരായ ദൈവാലയ കാവൽക്കാരെയായിരുന്നില്ല, മറിച്ച് റോമൻ പടയാളികളെയായിരുന്നു, അതിനാൽ ആയിരുന്നു അവർ പിലാത്തൊസിനോട് അപേക്ഷിച്ചത്, കൂടാതെ 28:11-15-ൽ പിന്നീട് പറഞ്ഞതും ശ്രദ്ധിക്കുക. "കാവൽക്കാരൻ" എന്നതിന്റെ ഗ്രീക്ക് വാക്ക് (*കൗസ്റ്റോഡിയ*) *കസ്റ്റോഡിയ* എന്ന ലാറ്റിൻ വാക്ക് ലിപി മാറ്റി ഉപയോഗിച്ചതാണ്. ആ വാക്കിൽനിന്നാണ് ഇംഗ്ലീഷ് വാക്കുകളായ "കസ്റ്റഡി" "കസ്റ്റോഡിയൻ" രൂപപ്പെട്ടത്.

**വാക്യം 66.** പിലാത്തൊസിന്റെ നിർദ്ദേശപ്രകാരം മഹാപുരോഹിതന്മാരും

പരീശന്മാരും, പോയി **കല്ലറ ഉറപ്പാക്കി**. അവർ ഒരു റോമൻ **പടയാളിയെ** കാവൽക്കാരനായി വെക്കുകയും, **കല്ല് മുദ്രവെച്ച് ഉറപ്പിക്കുകയും** ചെയ്തു. അത് ഒരുപക്ഷെ ചരടുകൊണ്ടോ അല്ലെങ്കിൽ കയറുകൊണ്ടോ കല്ലിൽകൂടെ കല്ലറയുടെ പ്രവേശന കവാടത്തിന്റെ രണ്ടുവശത്തേക്കും വലിച്ചുകെട്ടി, മെഴുകോ അല്ലെങ്കിൽ കളിമണ്ണോ പതിപ്പിച്ച്, അതിൽ റോമൻ പദവിമോതിരം കൊണ്ട് മുദ്ര വെക്കും. ആരെങ്കിലും ആ മുദ്ര പൊട്ടിച്ച് കല്ലറക്കകത്ത് പ്രവേശിച്ചാൽ, അവന് മരണശിക്ഷയായിരിക്കും നൽകുക.

യേശുവിന്റെ ശരീരം ഉയർത്തെഴുന്നേൽക്കുന്നത് തടയുവാൻ ഒരു കാവൽക്കാരനാലോ, കല്ലറ മുദ്രവെച്ചതിനാലോ സാധ്യമല്ല എന്ന കാര്യമാണ് പിലാത്തൊസും യെഹൂദന്മാരും മനസിലാക്കാതെ പോയത്! ഉയർത്തെഴുന്നേൽപിന്റെ വ്യാജപ്രചരണം ഒഴിവാക്കുവാൻ ചെയ്തത് വാസ്തവത്തിൽ, യേശുവിന്റെ ഉയർത്തെഴുന്നേൽപിന്റെ ആധികാരിക സത്യത്തെ ഉറപ്പിക്കുവാൻ സഹായകരമായി.

---

കുറിപ്പുകൾ

[1]നോക്കുക, ജോസെഫസ് *വാഴ്സ്* 4.5.2; മിഷ്നാ *ഷാബോത്ത്* 23.4–5. [2]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 728. [3]ടാക്ടിക്കസ് *ഹിസ്റ്റോറിയൻസ്* 5.5. [4]ആർ. ടി. ഫ്രാൻസ് പറഞ്ഞതുപോലെ, ''അടുത്ത കാലത്ത് പൂർത്തിയാക്കിയതുപോലെയായിരിക്കയില്ല ഒരു പുതിയ കല്ലറ, അത് ഉപയോഗിക്കാത്തതായിരിക്കും., അതിന്റെ ഒരു ഭാഗം പോലും ആരും കൈവശപ്പെടുത്തിയിരിക്കുകയില്ല" (ആർ. ടി.ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു, ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു. എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 403; നോക്കുക 8:21; 26:3 ന്റെ പരാമർശം നോക്കുക). [5]കല്ലറക്കൽ കല്ല് ഉരുട്ടി വെക്കുന്നതിനെ കുറിച്ച് കൂടുതൽ അറിയുവാൻ, നോക്കുക മാർക് സ്ലാരൗസ്, "ലൂക്ക്" *ഇൻ സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗണ്ട്സ്* കമെന്ററി, വാല്യം. 1, മാത്യു, മാർക്ക്, ലൂക്ക് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 496. [6]"ഒടുവിലത്തേത് ആദ്യത്തേതിലും വിഷമകരമായിരിക്കും" എന്നത് ഒരു ഭാഷാശൈലിയാണ് (12:45; 2 പത്രൊ. 2:20 നോക്കുക).